**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2717** **06-10-2025 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മണ്ഡലത്തിലെ വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | മട്ടന്നൂർ മണ്ഡലത്തിൽ സ്ഥാപിച്ച വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ വിശദാംശം ലഭ്യമാക്കാമോ; ഇവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>മട്ടന്നൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 6 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ചാർജിംഗ് സ്റ്റേഷനുകൾ സുഗമമായി പ്രവർത്തിച്ച് വരുന്നുണ്ട്. എന്നിരുന്നാലും വൈദ്യുതി തടസ്സം, നെറ്റ്‌വർക്ക് ലഭ്യത കുറവ് മുതലായ കാരണങ്ങളാൽ ചില സമയങ്ങളിൽ പ്രവർത്തന തടസ്സം ഉണ്ടാകാറുണ്ട്, ആയത് ഉടനടി പരിഹരിച്ച് പോകുന്നുണ്ട്. ചാർജിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുള്ള സ്ഥലം, ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, ഉപഭോഗം, തുടങ്ങിയ വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു.<br><br>**അനെർട്ട്**<br><br>മട്ടന്നൂർ നിയോജക മണ്ഡലത്തിൽ വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ അപേക്ഷകൾ ഒന്നും അനെർട്ടിൽ ലഭിച്ചിട്ടില്ല. |
| (ബി) | മട്ടന്നൂർ മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപത്തുകൂടി കടന്നുപോകുന്ന വൈദ്യുതി ലൈനുകളുടെ പരിശോധന പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വിദ്യാലയങ്ങളുടെ സമീപത്തുകൂടെ പോകുന്ന വൈദ്യുതി ലൈനുകളാണ് മാറ്റേണ്ടത് എന്ന് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | **കെ.എസ്.ഇ.ബി.എൽ.**<br><br>മട്ടന്നൂർ മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപത്ത് കൂടി കടന്നു പോവുന്ന പ്രസരണ വൈദ്യുതി ലൈനുകളുടെ പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്.<br><br>കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗവ: ഹയർ സെക്കന്ററി സ്കൂളിന്റെ പുതിയതായി നിർമ്മിച്ച മൂന്ന് നില കെട്ടിടം 110 കെ.വി. കൂത്തുപറമ്പ് നെടുംപൊയിൽ/66 കെ.വി. വലിയവെളിച്ചം നെടുംപൊയിൽ ലൈനിന്റെ ടവർ ലൊക്കേഷൻ നമ്പർ 22, 23 എന്നിവയ്ക്കിടയിലായി നിർമ്മിച്ചതാണ്. പ്രസ്തുത ടവറുകൾക്കിടയിൽ നടത്തിയ |

സ്ഥലപരിധിയിൽ സ്കൂൾ കെട്ടിടം ബന്ധപ്പെട്ട അധികൃതരുടെ അനുമതിയില്ലാതെയും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നോട്ടിഫിക്കേഷൻ 2023 (മെഷേഴ്സ് റിലേറ്റിംഗ് റ്റു സേഫ്റ്റി ആന്റ് ഇലക്ട്രിക് സപ്ലൈ)-യിലെ റെഗുലേഷൻ 63 പ്രകാരം നിയമാനുസൃത അകലം പാലിക്കാതെ നിർമ്മിച്ചതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കണ്ണൂർ ലൈൻ മെയിന്റനൻസ് വിഭാഗം - 1, മുണ്ടയാട് ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയർ 27/02/2024-ന് ചിറ്റാരിപ്പറമ്പ് ജി.എച്ച്.എസ്.എസ്. സ്കൂളിന്റെ പ്രിൻസിപ്പലിന് അറിയിപ്പ് കൊടുക്കുകയും അതുപ്രകാരം നോട്ടീസ് കിട്ടി ഉടൻ തന്നെ നിയമാനുസൃതമല്ലാത്ത ഭാഗങ്ങൾ പൊളിച്ചുമാറ്റി നിയമവിധേയമാക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഇതേ കാര്യങ്ങൾ ആവർത്തിച്ചുകൊണ്ട് കണ്ണൂർ ജില്ലയിലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ 16/03/2024-ന് സ്കൂളിന്റെ പ്രിൻസിപ്പലിന് കത്ത് നൽകിയിരുന്നു. പ്രസ്തുത കത്തുകൾ ലഭിച്ചതിൻ പ്രകാരം സ്കൂൾ പ്രിൻസിപ്പാൾ കണ്ണൂർ ലൈൻ മെയിന്റനൻസ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് മറുപടി നൽകുകയും ആയതിൽ സ്കൂൾ കെട്ടിടം ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ലഭിക്കേണ്ട NOC ലഭിക്കാതെ നിർമ്മിച്ചതാണെന്നും എന്നാൽ പ്രസ്തുത കെട്ടിടവും ലൈനും വേണ്ടതായ സുരക്ഷ അകലം പാലിക്കുന്നുണ്ടെന്നും അറിയിച്ചിരുന്നു. എന്നാൽ വേണ്ടതായ അനുമതി ലഭിക്കാതെ നിർമ്മിച്ച കെട്ടിടമായതിനാൽ ആയതിനുവേണ്ട തുടർ നടപടികൾ ചെയ്യേണ്ടതാണെന്നും അതുമൂലം ഉണ്ടായേക്കാവുന്ന അപകടങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും സ്കൂൾ അധികൃതർ മാത്രമായിരിക്കും ഉത്തരവാദികൾ എന്നും കാണിച്ച് കണ്ണൂർ ലൈൻ മെയിന്റനൻസ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 28/07/2025-ന് വീണ്ടും കത്ത് നൽകിയിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് സ്കൂൾ അധികൃതർ കെട്ടിടത്തിന്റെ അനുമതിക്കായി വേണ്ട രേഖകളോ മറ്റ് അപേക്ഷകളോ ഇതുവരെ ഹാജരാക്കിയിട്ടില്ല എന്നാണ് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുള്ളത്.

മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ശ്രീകണ്ഠാപുരം ഇലക്ട്രിക്കൽ സർക്കിൾ പരിധിയിൽ ഇരിട്ടി എച്ച്.എസ്.എസ്., പടിയൂർ എച്ച്.എസ്.എസ്., കൊതേരി എൽ.പി.എസ്. എന്നീ സ്കൂളുകൾക്ക് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി പണമടക്കാനുള്ള ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ട്. കാനാട് എൽ.പി. സ്കൂൾ കളിസ്ഥലത്തിനു കുറുകെയും,

| | | | |
|---|---|---|---|
| | | | പനയാത്തൻപറമ്പ് എൽ.പി. സ്കൂളിന് ചേർന്നുള്ള റോഡിൽ കൂടെയും ലൈൻ കടന്നു പോകുന്നുണ്ട്. ഈ ലൈനുകളുടെ നവീകരണ പ്രവൃത്തി ആർ.ഡി.എസ്.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി 14 മീറ്റർ ഉയരമുള്ള പോസ്റ്റുകളും കവചിത കമ്പികളും ഉപയോഗിച്ച് ഉയരം കൂട്ടി സുരക്ഷ വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും കാനാട് എൽ.പി. സ്കൂൾ കളിസ്ഥലത്തിനു കുറുകെ പോകുന്ന പ്രസ്തുത ലൈൻ മാറ്റുന്നതിനു സമീപവാസികളായ സ്ഥലം ഉടമകളുടെ സമ്മതം അത്യാവശ്യമാണ്. സമ്മതം കിട്ടുന്ന മുറയ്ക്ക് ഈ ലൈൻ മാറ്റി സ്ഥാപിക്കാവുന്നതാണ്.<br><br>മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കണ്ണൂർ ഇലക്ട്രിക്കൽ സർക്കിൾ പരിധിയിൽ എടയന്നൂർ സ്കൂൾ, കണ്ണാൻകുന്ന് അംഗനവാടി, പാനലാട് അംഗനവാടി, നെട്ടുകുളം സ്കൂൾ, കളംപാറ സ്കൂൾ ഗ്രൗണ്ട് എന്നീ സ്കൂളുകളിലെ ലൈനുകൾ മാറ്റേണ്ടതുണ്ട്. ലൈനുകൾ മാറ്റുന്ന പ്രവൃത്തി ഉടനെ പൂർത്തീകരിക്കുന്നതാണെന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl No: | Location | Electrical Section | Total Consumption |
|---|---|---|---|
| 1 | Mattannur | Mattannur | 912.68 |
| 2 | Chalode | Chalode | 1564.77 |
| 3 | Padiyoor | Iritty | 168.82 |
| 4 | Kannavam | Kolayad | 92.42 |
| 5 | Shivapuram | Shivapuram | 47.82 |
| 6 | Palottupally | Mattannur | 743.58 |